REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 07-01-2025** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **നേപ്പാൾ-ടിബറ്റ് അതിർത്തിയിൽ ശക്തമായ ഭൂകമ്പം . 32 പേർ മരിച്ചു. ഉത്തരേന്ത്യയുടെ വിവിധ ഭാഗങ്ങളിലും ഭൂചലനം.**
- **ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പ് തിയ്യതി തിരഞ്ഞെടുപ്പ് കമ്മീഷൻ അൽപ്പ സമയത്തിനകം പ്രഖ്യാപിക്കും.**
- **HMP വൈറസിന്റെ കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ലെന്ന് കേന്ദ്രം.**
- **63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് നാളെ തിരുവനന്തപുരത്ത് തിരശീല വീഴും. കണ്ണൂർ കുതിപ്പ് തുടരുന്നു.**
- **സംസ്ഥാനത്ത് സിന്തറ്റിക് ലഹരി ഉൾപ്പെടെ മയക്കുമരുന്നുകൾ അതിർത്തികൾ കേന്ദ്രീകരിച്ചാണ് വരുന്നതെന്നും എക്സൈസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്നും മന്ത്രി M.B രാജേഷ്.**
- **കണ്ണൂർ കണ്ണപുരം ചുണ്ടയിലെ CPIM പ്രവർത്തകൻ റിജിത്തിനെ കൊലപ്പെടുത്തിയ കേസിൽ ഒമ്പത് പേരെ ജീവപര്യന്തം തടവിന് ശിക്ഷിച്ചു.**

## വാർത്തകൾ വിശദമായി

**നേപ്പാൾ-ടിബറ്റ് അതിർത്തിയിൽ ശക്തമായ ഭൂകമ്പത്തിൽ 32 പേർ മരിച്ചു. 38 പേർക്ക് പരിക്കേറ്റു. ഇന്ന് രാവിലെയാണ് ഭൂകമ്പമാപിനിയിൽ 7.1 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പമുണ്ടായത്.**

നേപ്പാൾ അതിർത്തിക്കടുത്ത ടിബറ്റിലെ സിസാങ്ങിലാണ് ഭൂചലനത്തിന്റെ പ്രഭവകേന്ദ്രം.

ബിഹാർ, പശ്ചിമ ബംഗാൾ, സിക്കിം എന്നിവയുൾപ്പെടെ ഉത്തരേന്ത്യയുടെ വിവിധ ഭാഗങ്ങളിലും ഭൂചലനം അനുഭവപ്പെട്ടു. ബിഹാറിന്റെ ചില ഭാഗങ്ങളിൽ ഭൂചലനം ശക്തമായി അനുഭവപ്പെട്ടതിനാൽ ആളുകൾ പരിഭ്രാന്തരായി വീടുകളിൽ നിന്നും അപ്പാർട്ടുമെന്റുകളിൽ നിന്നും പുറത്തേക്ക് ഓടി.

✪✪✪

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പ് തിയ്യതി തിരഞ്ഞെടുപ്പ് കമ്മീഷൻ അൽപ്പ സമയത്തിനകം പ്രഖ്യാപിക്കും. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ ഉച്ച കഴിഞ്ഞ് രണ്ടിന് ഡൽഹിയിൽ വാർത്താസമ്മേളനം നടത്തും.

70 അംഗ ഡൽഹി നിയമസഭയുടെ കാലാവധി ഫെബ്രുവരി 23നാണ് അവസാനിക്കുന്നത് .

ഡൽഹിയിലെ പുതുക്കിയ വോട്ടർപട്ടിക ഇന്നലെ തിരഞ്ഞെടുപ്പു കമ്മീഷൻ പുറത്തിറക്കിയിരുന്നു. ഭരണകക്ഷിയായ ആം ആദ്മി പാർട്ടി 70 സീറ്റുകളിലേക്കും സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. പാർട്ടി അധ്യക്ഷനും മുൻ മുഖ്യമന്ത്രിയുമായ അരവിന്ദ് കെജരിവാൾ ന്യൂഡൽഹിയിൽ വീണ്ടും ജനവിധി തേടുമ്പോൾ, മുഖ്യമന്ത്രി അതിഷി കൽക്കാജി സീറ്റിലാണ് മത്സരിക്കുന്നത്.

BJP 29 സ്ഥാനാർത്ഥികളെ ഇതിനകം പ്രഖ്യാപിച്ചു. കോൺഗ്രസ് 48 സ്ഥാനാർത്ഥികളെയാണ് പ്രഖ്യാപിച്ചത്.

✪✪✪

2001 മുതൽ ആഗോള തലത്തിൽ കണ്ടുവരുന്ന HMP വൈറസിന്റെ കാര്യത്തിൽ ജനങ്ങൾ ആശങ്കപ്പെടേണ്ടതില്ലെന്ന് കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവ അറിയിച്ചു. രാജ്യത്തെ ശ്വാസകോശ സംബന്ധമായ അസുഖങ്ങളുടെ നിലവിലെ സാഹചര്യവും, HMP വൈറസ് കേസുകളുടെ അവസ്ഥയും, അവ കൈകാര്യം ചെയ്യുന്നതിന് പൊതുജനാരോഗ്യ നടപടികളും സംസ്ഥാനങ്ങളുമായും കേന്ദ്ര ഭരണ പ്രദേശങ്ങളുമായും നടത്തിയ വെർച്വൽ മീറ്റിംഗിൽ, ആരോഗ്യ സെക്രട്ടറി അവലോകനം ചെയ്തു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

ഇൻഫ്ലുവൻസ പോലെ അസുഖങ്ങൾ, കടുത്ത ശ്വാസകോശ അണുബാധകൾ എന്നിവയുടെ നിരീക്ഷണം ശക്തിപ്പെടുത്താനും അവലോകനം ചെയ്യാനും കേന്ദ്ര ആരോഗ്യ സെക്രട്ടറി സംസ്ഥാനങ്ങളെ ഉപദേശിച്ചു. മഞ്ഞു കാലങ്ങളിലാണ് സാധാരണയായി ശ്വാസകോശ സംബന്ധമായ അസുഖങ്ങളുടെ വർദ്ധന കാണുന്നതെന്നും അവർ പറഞ്ഞു. ജനങ്ങൾക്കിടയിൽ വൈറസ് വ്യാപനം തടയുന്നതു സംബന്ധിച്ച് അവബോധം വർദ്ധിപ്പിക്കാൻ ഇൻഫോർമേഷൻ, എജ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ - IEC - മെച്ചപ്പെടുത്തണമെന്നും ആരോഗ്യസെക്രട്ടറി സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടു.

അതിനിടെ, നാഗ്പൂരിൽ രണ്ടും, ഗുജറാത്തിൽ രണ്ടു മാസം പ്രായമായ കുട്ടിയ്ക്കും HMP വൈറസ് സ്ഥിരീകരിച്ചു.

✪✪✪

വിശിഷ്ട സേവനത്തിന് രാഷ്ട്രപതിയുടെ അവാർഡ് നേടിയ 35 CBI ഓഫീസർമാർക്ക് ന്യൂഡൽഹിയിൽ ആഭ്യന്തര മന്ത്രി അമിത്ഷാ പൊലീസ് മെഡലുകൾ സമ്മാനിച്ചു. അന്വേഷണത്തിൽ മികവു പുലർത്തിയവർക്ക് കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ മെഡലുകളും അദ്ദേഹം വിതരണം ചെയ്തു.

✪✪✪

ചെന്നൈയിൽ കഴിഞ്ഞ ദിവസം HMP വൈറസ് ബാധ സ്ഥിരീകരിച്ച രണ്ട് കുട്ടികളുടെയും ആരോഗ്യനില തൃപ്തികരമാണെന്ന് തമിഴ്നാട് ഗവൺമെന്റ് അറിയിച്ചു. HMP പുതിയ വൈറസ് അല്ലെന്നും ഭയപ്പെടേണ്ടതില്ലെന്നും അധികൃതർ വ്യക്തമാക്കി.

✪✪✪

2025ലെ കരട് UGC ചട്ടങ്ങൾ കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ പ്രകാശനം ചെയ്തു. സർവ്വകലാശാലകളിലെയും കോളേജുകളിലെയും അധ്യാപകരുടെയും അക്കാദമിക് ജീവനക്കാരുടെയും നിയമനത്തിനും സ്ഥാനക്കയറ്റത്തിനും ആവശ്യമായ യോഗ്യതകൾ, ഉന്നത വിദ്യാഭ്യാസനിലവാരം കാത്തു സൂക്ഷിക്കാൻ ആവശ്യമായ നടപടികൾ എന്നിവ കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് നാളെ തിരുവനന്തപുരത്ത് തിരശീല വീഴും. വൈകിട്ട് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന സമാപന ചടങ്ങ് പ്രതിപക്ഷ നേതാവ് V.D സതീശൻ ഉദ്ഘാടനം ചെയ്യും.

**കലോത്സവത്തിന്റെ നാലാം ദിനമായ ഇന്ന് 25 വേദികളിലും മത്സരങ്ങൾ പുരോഗമിക്കവെ 728 പോയിന്റുമായി കണ്ണൂർ കുതിപ്പ് തുടരുകയാണ്. 723 പോയിന്റ് നേടി കോഴിക്കോടും തൃശൂരുമാണ് തൊട്ടുപിന്നിൽ. മൂന്നാം സ്ഥാനത്തു നിൽക്കുന്ന പാലക്കാടിന് 717 പോയിന്റുണ്ട്.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രെജു കോലിയക്കോട്.**

**..........(വോയ്സ്).............**

**സ്കൂൾ കലോത്സവത്തിന്റെ മുഖ്യ വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ ഹൈസ്കൂൾ വിഭാഗം പെൺകുട്ടികളുടെ ഭരതനാട്യം തുടരുകയാണ്. ഉച്ചയ്ക്ക് ശേഷം ഹൈസ്കൂൾ വിഭാഗം സംഘനൃത്തവും ഇതേ വേദിയിൽ അരങ്ങേറും. ഹൈസ്കൂൾ വിഭാഗം മലയാള നാടക മത്സരം ടാഗോർ തിയേറ്ററിൽ പുരോഗമിക്കുകയാണ്.മറ്റ് ജനപ്രിയ ഇനങ്ങളായ മിമിക്രി, മോണോ ആക്ട്, ചവിട്ട് നാടകം, നാടോടി നൃത്തം, നാടൻപാട്ട്, കഥാപ്രസംഗം എന്നിവയും വിവിധ വേദികളിലായി അരങ്ങേറുകയാണ് പുതുതായി ഉൾപ്പെടുത്തിയ ഗോത്ര കലാരൂപങ്ങളായ ഇരുളനൃത്തവും പളിയ നൃത്തവും നിശാഗന്ധിയിൽ പുരോഗമിക്കുന്നു.**

✪✪✪

**അന്താരാഷ്ട്ര നിയമസഭാ പുസ്തകോത്സവത്തിലെ സ്റ്റാളുകൾ സ്പീക്കർ AN ഷംസീർ ഉദ്ഘാടനം ചെയ്തു. ഇന്നു തുടങ്ങുന്ന പുസ്തകോത്സവം അടുത്ത തിങ്കളാഴ്ചയാണ് സമാപിക്കുന്നത്.**

✪✪✪

**സംസ്ഥാനത്തേക്ക് സിന്തറ്റിക് ലഹരി ഉൾപ്പെടെ മയക്കുമരുന്നുകൾ അതിർത്തികൾ കേന്ദ്രീകരിച്ചാണ് വരുന്നതെന്നും അതിർത്തിയിലെ എക്സൈസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്നും മന്ത്രി M.B രാജേഷ് പറഞ്ഞു. ചിറ്റൂർ എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. പരിമിതമായ സാഹചര്യങ്ങളിൽ നിന്ന് മികച്ച പ്രവർത്തനമാണ് കേരളത്തിലെ എക്സൈസ് ജീവനക്കാർ നടത്തുന്നത്.**

**ലഹരിക്കെതിരായ പോരാട്ടം എക്സൈസിന്റെ മാത്രം ഉത്തരവാദിത്തമല്ലെന്നും, ജനങ്ങളും പങ്കാളികളാവണമെന്നും മന്ത്രി പറഞ്ഞു. മന്ത്രി K. കൃഷ്ണൻകുട്ടി അധ്യക്ഷനായിരുന്നു.**

✪✪✪

**PV അൻവറിനെ UDF ൽ എടുക്കുന്നതിനെ കുറിച്ച് തക്ക സമയത്ത് യുക്തമായ തീരുമാനമെടുക്കുമെന്ന് പ്രതിപക്ഷ നേതാവ് V D സതീശൻ പറഞ്ഞു. രാഷ്ട്രീയത്തിൽ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾക്ക് പ്രസക്തിയില്ലെന്ന് അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. PV**

അൻവറിന്റെ ഇപ്പോഴത്തെ നിലപാട് കാലത്തിന്റെ കാവ്യനീതിയാണെന്നും വി ഡി സതീശൻ അഭിപ്രായപ്പെട്ടു.

✪✪✪

വന നിയമ ഭേദഗതിയ്ക്കെതിരെ സമരം ശക്തമാക്കുമെന്ന് PV അൻവർ MLA പറഞ്ഞു. ഈ നിയമഭേദഗതിയുടെ ഭീകരത കേരളം അറിയാനിരിക്കുന്നതേയുള്ളൂവെന്നും പൊതുജനങ്ങൾക്ക് പരാതി നൽകാൻ അവസരം നൽകാതെയാണ് ഭേദഗതി യെന്നും അദ്ദേഹം നിലമ്പൂരിൽ പറഞ്ഞു.

സംസ്ഥാനത്ത് വനഭൂമി വർദ്ധിപ്പിക്കുന്നതിന് അന്താരാഷ്ട്ര തലത്തിൽ ഗൂഢാലോചന നടക്കുകയാണെന്നും അൻവർ കുറ്റപ്പെടുത്തി. വനവിസ്തൃതി വർദ്ധിപ്പിച്ച് പഞ്ചായത്തുകളുടെ കുടിവെള്ള പദ്ധതികൾ പോലും വനംവകുപ്പ് ഉദ്യോഗസ്ഥർ അട്ടിമറിയ്ക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. വനംവകുപ്പിന് അമിതാധികാരം നൽകി മലയോരജനതയെ പുറത്താക്കാനാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നതെന്നും ഇതിനെതിരെയാണ് പോരാട്ടമെന്നും P.V അൻവർ അറിയിച്ചു. വനനിയമ ഭേദഗതിയുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇടപെടൽ ശക്തമാക്കാനാവശ്യപ്പെട്ട് UDF നേതാക്കളുമായി ചർച്ച നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

ശബരിമല സന്നിധാനത്ത് തിരക്ക് തുടരുന്നു. തിരുവാഭരണ ഘോഷയാത്ര ഈ മാസം 12-ന് ഉച്ചയ്ക്ക് പന്തളത്തു നിന്നു പുറപ്പെടും.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി എസ് ശ്രീധർ.

......(വോയ്സ്).......

മകരവിളക്കിന് ഏഴുനാൾ മാത്രം ശേഷിക്കെ വലിയ ഭക്തജനത്തിരക്കിലാണ് സന്നിധാനം. ശബരീപീഠം മുതൽ 18-ാം പടികയറാനായി മണിക്കൂറുകൾ കാത്തുനിന്നാണ് തീർഥാടകർ ദർശനം നടത്തുന്നത്. മകരവിളക്ക് തീർഥാടനകാലത്തെ വെർച്വൽക്യൂ ബുക്കിംഗ് പൂർത്തിയായിട്ടുള്ളതിനാൽ തീർഥാടകർക്ക് തത്സമയ ബുക്കിംഗ് വഴി മാത്രമാകും ദർശനത്തിനു ഇനി അനുമതി ലഭിക്കുക. 11ന് എരുമേലി പേട്ട തുള്ളൽ നടക്കും. 13നു പമ്പ സദ്യയും വിളക്കും നടക്കും. 14 ന് മകരവിളക്ക് നടക്കും. അയ്യപ്പസ്വാമിയുടെ എഴുന്നള്ളത്തും മണിമണ്ഡപത്തിലെ കളമെഴുത്തും 14ന് തുടങ്ങും.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മറ്റി മുഖേന ഹജ്ജിന് യാത്രയാകുന്ന തീർത്ഥാടകരെ അനുഗമിച്ച് ഹജ്ജ് ഇൻസ്പെക്ടറായി സേവനമനുഷ്ഠിക്കാൻ അപേക്ഷ നൽകുന്നതിന് അവസാന തിയതി ഈ മാസം പത്തു വരെ നീട്ടിയതായി കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു. യോഗ്യരായ കേന്ദ്ര- സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥർക്കാണ് ഹജ്ജ് ഇൻസ്പെക്ടറാകാൻ അവസരം.

✪✪✪

മലേഷ്യ ഓപ്പൺ ബാഡ്മിന്റണിൽ വനിതാ ഡബിൾസിൽ ട്രീസ ജോളി-ഗായത്രി ഗോപിചന്ദ് സഖ്യം തായ്‌ലൻഡിന്റെ ഒർണിച്ച ജോങ്സത-പോൺപാർൺ - സുകിത്ത സുവാചായ് സഖ്യത്തെ പരാജയപ്പെടുത്തി. സ്കോർ 21-10, 21-10.

പുരുഷ സിംഗിൾസിൽ ലക്ഷ്യാസെൻ, HS പ്രണോയ് തുടങ്ങിയർ ഇന്ന് മത്സരിക്കുന്നുണ്ട്. വനിതാ സിംഗിൾസിൽ ആകർഷി കശ്യപും ഇന്ന് മത്സരിക്കും.

✪✪✪

ISL ഫുട്ബോളിൽ നാളെ FC ഗോവ, ഹൈദരാബാദ് FCയെ നേരിടും. ഗോവയിൽ വൈകീട്ട് 7.30 നാണ് മത്സരം.

ഇന്നലെ മുംബൈ സിറ്റി ഈസ്റ്റ് ബംഗാളിനെ തോൽപ്പിച്ചു. രണ്ടിനെതിരെ 3 ഗോളിനാണ് കൊൽക്കത്തയിൽ ഈസ്റ്റ് ബംഗാളിനെ അവർ തോൽപ്പിച്ചത്.

✪✪✪

KSFE ജീവനക്കാരുടെ സേവന വ്യവസ്ഥകൾ അട്ടിമറിച്ച് ശമ്പളവും ആനുകൂല്യവും വെട്ടി കുറയ്ക്കുകയും ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന ജീവനക്കാരെ പോലും സ്ഥലം മാറ്റുകയും ദ്രോഹിക്കുകയും ചെയ്യുന്ന നയമാണ് ഇടതു ഗവൺമെന്റ് നടപ്പാക്കുന്നതെന്ന് MK രാഘവൻ MP കുറ്റപ്പെടുത്തി. KSFE എംപ്ലോയീസ് അസോസിയേഷൻ ജില്ലാ സമ്മേളനം കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു MK രാഘവൻ.

✪✪✪

കണ്ണൂർ കണ്ണപുരം ചുണ്ടയിലെ CPIM പ്രവർത്തകൻ റിജിത്തിനെ കൊലപ്പെടുത്തിയ കേസിൽ ഒമ്പത് BJP, RSS പ്രവർത്തകർക്ക് ജീവപര്യന്തം ശിക്ഷ വിധിച്ചു. തലശ്ശേരി അഡീഷണൽ സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. V.V സുധാകരൻ, K.T ജയേഷ്, V.V ശ്രീകാന്ത്, P.P അജീന്ദ്രൻ, I.V അനിൽകുമാർ, P.P രാജേഷ്, C.P രഞ്ജിത്ത്, V.V ശ്രീജിത്ത്, T.V ഭാസ്കരൻ എന്നിവരെയാണ് ജീവപര്യന്തം തടവിന് ശിക്ഷിച്ചത്.

10 പേരായിരുന്നു കേസിലെ പ്രതികൾ. മൂന്നാം പ്രതി അജേഷ് സംഭവശേഷം മരിച്ചു.

**2005 ഒക്ടോബർ രണ്ടിന് രാത്രി ഒമ്പതുമണിയോടെ ചുണ്ട തച്ചൻക്കണ്ടി ക്ഷേത്രത്തിനടുത്ത് വെച്ചായിരുന്നു റിജിത്ത് കൊല്ലപ്പെട്ടത്.**

✪✪✪

**വയനാട് പുൽപ്പള്ളിയിൽ ജനവാസ കേന്ദ്രത്തിൽ കടുവയിറങ്ങി. ഇന്നലെ രാത്രി ആടിനെ കൊന്നുതിന്ന കടുവയെ നിരീക്ഷിക്കാൻ വനംവകുപ്പിന്റെ RRT സംഘം സ്ഥലത്തെത്തി.**

✪✪✪

**കണ്ണൂർ കാക്കയങ്ങാട് കൃഷിയിടത്തിൽ കുടുങ്ങിയതിനെ തുടർന്ന് വനംവകുപ്പ് മയക്കുവെടി വെച്ച് പിടികൂടിയ പുലിയെ കാട്ടിൽ തുറന്നുവിട്ടു. കർണാടക അതിർത്തിയിലെ ബ്രഹ്മഗിരി വനമേഖലയിലാണ് പുലിയെ തുറന്നുവിട്ടത്.**

✪✪✪

---

*News Editor/ Reader: : വികെ സുരേഷ്*

*Standby : ഹക്കീം കൂട്ടായി*

*Casual News Reader: ശരണ്യ രാജൻ*

*DEO : ഷീബ*